# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 322** **28.11.2018-ൽ മറുപടിക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസെസ് (ഐക്കോൺസ്)**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഐക്കോൺസ്-ന്റെ ആസ്ഥാനം എവിടെയാണ്; ഭരണച്ചുമതല ആർക്കാണ്; എന്തെല്ലാം ചുമതലകളാണ് ഇദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത്; | (എ) | ഐക്കോൺസ് എന്ന സ്ഥാപനം സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ് (എസ്.ആർ.സി.സി.ഡി)-ന്റെ കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്താണ് എസ്.ആർ.സി.സി.ഡി. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഐക്കോൺസിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്.<br>ഐക്കോൺസിന്റെ ഭരണച്ചുമതല ഡയറക്ടറാണ് വഹിക്കുന്നത്. ബഹു.ആരോഗ്യമന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡിയും അതിനു കീഴിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനുമായ എക്സിക്യൂട്ടീവ് കമ്മറ്റിയും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുക, സ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണവും, രോഗീപരിചരണത്തിന്റെ മേൽനോട്ടവും വിവിധ കോഴ്സുകളുടെ ആസൂത്രണവും, ഗവേഷണ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശവും, ചുമതലയും വഹിക്കുക എന്നതാണ് ഡയറക്ടറിൽ നിക്ഷിപ്തമായ ചുമതലകൾ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐക്കോൺസ്-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതിയിനത്തിൽ എത്ര രൂപ അനുവദിച്ചു; എത്ര രൂപ തിരുവനന്തപുരം കേന്ദ്രത്തിൽ വിനിയോഗിച്ചു; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | (table below) |

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | തിരികെ പിടിച്ച തുക (ലക്ഷത്തിൽ) | ബാക്കി തുക (ലക്ഷത്തിൽ) | തിരുവനന്തപുരത്ത് ചെലവഴിച്ചത് (രൂപയിൽ) |
|---|---|---|---|---|---|
| 2016-17 | 650 | 650 | 124 | 526 | 2,97,918/- |
| 2017-18 | 700 | 270 | 200 | 70 | - |
| 2018-19 | 800 | 410 | - | 410 | 66,00,000/- ചെലവഴിക്കാൻ മാറ്റിവച്ചിട്ടുണ്ട്. |

(സി) തിരുവനന്തപുരം കേന്ദ്രത്തിൽ ഏതൊക്കെ തെറാപ്പികൾ ലഭ്യമാണ്; ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ട്; തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഓരോ വിഭാഗത്തിൽ നിന്നും പ്രതിമാസം ശരാശരി എത്ര വരുമാനം ലഭിക്കുന്നുണ്ട്;

(സി)

| തിരുവനന്തപുരം കേന്ദ്രത്തിലുള്ള തെറാപ്പി സർവ്വീസുകൾ | നിലവിലുള്ള ജീവനക്കാർ | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ | പ്രതിമാസ ശരാശരി വരുമാനം |
|---|---|---|---|
| സ്പീച്ച് തെറാപ്പി | 4 | 1 | 76,450/- |
| ബിഹേവിയറൽ തെറാപ്പി | 5 | 1 | 1,04,225/- |
| ഫിസിയോ തെറാപ്പി | 1 | - | 24,945/- |
| ലിംഗ്വിസ്റ്റിക്സ് | 2 | - | 22,450/- |
| സ്പെഷ്യൽ എഡ്യുക്കേഷൻ | 3 | 1 | 33,940/- |

(ഡി) തിരുവനന്തപുരം കേന്ദ്രത്തിൽ 2016, 2017, 2018 ഒക്ടോബർ 31 വരെ വർഷത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; ചെലവ് എത്ര രൂപയാണ്?

(ഡി)

| **വർഷം** | **വരവ്** | **ചിലവ്** |
|---|---|---|
| 2016-17 | 40,14,505/- | 1,69,21,574/- |
| 2017-18 | 35,25,416/- | 1,50,28,403/- |
| 2018-19 | 17,80,719/- | 1,05,91,368/- |

**സെക്ഷൻ ഓഫീസർ**